LIBRARY ARCHIVES Kerala Legislative Assembly

നെടുങ്ങോലം താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം.

77 (769) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ മണ്ഡലത്തിലെ നെടുങ്ങോലം രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിൽ നിർമ്മാണം ആരംഭിച്ചിട്ടുള്ള കെട്ടിടത്തിന് എത്ര രൂപയുടെ ഭരണാനുമതി എന്ന് നൽകിയെന്ന് അറിയിക്കുമോ ;

(ബി) കെട്ടിടത്തിൽ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതിയും എന്നത്തേക്ക് നിർമ്മാണം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും വ്യക്തമാക്കുമോ ;

(ഡി) കെട്ടിടനിർമ്മാണത്തിന് നിലവിൽ തടസ്സങ്ങൾ വല്ലതുമുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) മൂന്ന് കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഒ.പി., ഐ.പി., കാഷ്വാൽറ്റി സൗകര്യങ്ങളാണ് ആശുപത്രിയിൽ ഒരുക്കുവാനായി ഉദ്ദേശിക്കുന്നത്.

(സി) 2015 മെയ് അവസാനത്തോടുകൂടി നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) കെട്ടിടനിർമ്മാണത്തിന് നിലവിൽ തടസ്സങ്ങൾ ഇല്ല.

പുളിയഞ്ചേരി പി.എച്ച്.സി. കെട്ടിടം

78 (770) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി സി.എച്ച്.സി.-യ്ക്കീഴിൽ കൊയിലാണ്ടി നഗരസഭ പരിധിയിലുള്ള പുളിയഞ്ചേരി പി.എച്ച്.സി-യിലെ നിലവിലെ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് അനുമതി ലഭിക്കുന്നതിന് കോഴിക്കോട് ഡി.എം.ഒ.-യിൽനിന്ന് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലേക്ക് നൽകിയിട്ടുള്ള അപേക്ഷയിൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത അപേക്ഷയിൽ തീരുമാനം വൈകുന്നതുകാരണം LAC-ADS ഫണ്ടിൽ ഭരണാനുമതി ലഭിച്ച പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തി നടപ്പിലാക്കാൻ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) പുളിയഞ്ചേരി പി.എച്ച്.സി.യിലെ നിലവിലെ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് സബ്ഡിവിഷൻ എഞ്ചിനീയർ നിർദ്ദേശിച്ച തുക 5 ലക്ഷത്തിൽ കൂടുതലായതിനാൽ സർക്കാർ അനുമതിക്കായി കോഴിക്കോട് ഡി.എം.ഒ. സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇല്ല.

ആയുർവേദ കോളേജ് ആശുപത്രിയിൽ പുതിയ തസ്തികകൾ

79 (771) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ആയുർവേദ കോളേജ് ആശുപത്രിയിലെ 2015 ഫെബ്രുവരി 25-ാം തീയതി ഉദ്ഘാടനം ചെയ്യപ്പെട്ട പുതിയ പേവർഡ് മന്ദിരത്തിൽ ജോലികൾ നിർവ്വഹിക്കുന്നതിനായി, ജീവനക്കാരുടെയോ, ഡോക്ടർമാരുടെയോ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ആശുപത്രിയിൽ എന്ത് പകരം സംവിധാനം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പേവാർഡിന്റെ പ്രവർത്തനത്തിന് ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള ഡയറക്ടറുടെ ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly